കാർഷിക കാലാവസ്ഥ നിർദ്ദേശക ബുള്ളറ്റിൻ,തൃശ്ശൂർ ജില്ല
പ്രവചന കാലയളവ് 04.10.2023 മുതൽ 08.10.2023 വരെ
വെള്ളാനിക്കര കേരള കാർഷിക സർവ്വകലാശാലയിലെ
കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗവും
ഭാരതീയ കാലാവസ്ഥാ വകുപ്പും സംയുക്തമായി തയ്യാറാക്കുന്നത്

| എ എ എസ് ബുള്ളറ്റിൻ നമ്പർ 40/2023, (79) ചൊവ്വാഴ്ച | തീയ്യതി 03/10/2023 |
|---|---|

| കഴിഞ്ഞആഴ്ചയിൽ അനുഭവപ്പെട്ട കാലാവസ്ഥ (2023 സെപ്റ്റംബർ 27 മുതൽ ഒക്ടോബർ 03 വരെ) | | | | | | | കാലാവസ്ഥാ ഘടകങ്ങൾ | കാലാവസ്ഥാ പ്രവചനം (ഒക്ടോബർ 04 മുതൽ ഒക്ടോബർ 08 വരെ) | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| 27/09 | 28/09 | 29/09 | 30/09 | 01/10 | 02/10 | 03/10 | തീയ്യതി | 04/10 | 05/10 | 06/10 | 07/10 | 08/10 |
| 37.6 | 27.0 | 49.1 | 17.1 | 40.7 | 29.7 | 18.7 | മഴ (മില്ലീമീറ്റർ) | 1 | 1 | 0.5 | 0.5 | 0 |
| 30.7 | 30.2 | 28.4 | 26.9 | 27.7 | 26.5 | 30.2 | ഉയർന്ന താപനില (°C) | 31 | 29 | 30 | 30 | 30 |
| 24.0 | 23.9 | 23.2 | 23.7 | 23.4 | 23.1 | 23.0 | കുറഞ്ഞ താപനില (°C) | 23 | 24 | 25 | 25 | 25 |
| Cloudy | Overcast | Overcast | Cloudy | Cloudy | Overcast | Partially Cloudy | AM മേഘ വ്യാപ്തി (ഒക്ടാ) | Cloudy | Cloudy | Cloudy | Cloudy | Partially Cloudy |
| Cloudy | Overcast | Overcast | Cloudy | Cloudy | Cloudy | | PM | | | | | |
| 98 | 95 | 97 | 90 | 98 | 99 | 93 | കൂടിയ അന്തരീക്ഷ ആർദ്രത (%) | 98 | 94 | 94 | 93 | 94 |
| 74 | 97 | 92 | 93 | 97 | 79 | | കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 87 | 78 | 75 | 72 | 72 |
| 0.5 | 0.7 | 0.4 | 0.8 | 1.1 | 0.8 | 1.0 | കാറ്റിന്റെ വേഗത (കിലോമീറ്റർ/മണിക്കൂർ) | 3 | 3 | 3 | 4 | 4 |
| C | C | C | C | C | C | C | AM കാറ്റിന്റെ ദിശ (ഡിഗ്രി ) | W | NW | NW | NW | WNW |
| WSW | C | SSW | C | C | SSW | | PM | | | | | |

| കഴിഞ്ഞ ആഴ്ച്ചയിലെ മഴ (മില്ലീമീറ്റർ) | 01/01/2023 മുതൽ ഇന്നുവരെയുള്ള മഴ (മില്ലീമീറ്റർ) | 01/06/23 മുതൽ ഇന്നുവരെയുള്ള മഴ (മില്ലീമീറ്റർ) |
|---|---|---|
| 219.9 | 1689.4 | 1574.7 |

**കാലാവസ്ഥാ അറിയിപ്പ്: IMD യുടെ പ്രവചനപ്രകാരം ജില്ലയിൽ നേരിയ തോതിൽ മഴയ്ക്ക് സാധ്യത. കേരളത്തിൽ ശരാശരിയേക്കാൾ കൂടുതൽ മഴ ലഭിക്കാൻ സാധ്യത.**

3. വിള പരിപാലനത്തിനുള്ള പൊതു നിർദ്ദേശങ്ങളും കാർഷിക നിർദ്ദേശങ്ങളും **(Thrissur District)**

പൊതുനിർദേശങ്ങൾ: കാർഷികവിളകളിൽ രോഗകീടങ്ങളുടെ ആക്രമണം നിയന്ത്രിക്കുന്നതിനായി മുൻകരുതലുകൾ സ്വീകരിക്കേണ്ടതാണ്. മണ്ണിന്റെ ഈർപ്പം സംരക്ഷിക്കാൻ ശരിയായ പുതയിടൽ രീതി അവലംബിക്കാവുന്നതാണ്.

| വിളകൾ | രോഗ-കീടങ്ങൾ | കാർഷിക / മൃഗസംരക്ഷണ നിർദ്ദേശങ്ങൾ |
|---|---|---|
| നെല്ല് –വിരിപ്പ് (പാലുറച്ച പരുവം) | ചാഴി | നെല്ലിലെ ചാഴിയെ നിയന്ത്രിക്കാൻ രണ്ടു മില്ലി മാലത്തിയോൺ ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ തളിക്കുക. |
| നെല്ല് – മുണ്ടകൻ പറിച്ചുനടീൽ | - | സ്യൂഡോമോണാസ് കൾച്ചറിന്റെ ലായനിയിൽ വേര് അരമണിക്കൂർ കുതിർത്തു നട്ടാൽ പിന്നീട് പോളരോഗം, പോളഅഴുകൽ, ഇലപ്പുള്ളിരോഗങ്ങൾ എന്നിവ ഒരുപരിധിവരെ തടയാം. പറിച്ചുനടുന്നതിനു മുൻപ് 20 ഗ്രാം സ്യൂഡോമോണാസ് ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുക. |
| കുരുമുളക് | ദ്രുതവാട്ടം | കുരുമുളകിലെ ദ്രുതവാട്ട രോഗത്തെ പ്രതിരോധിക്കാനായി രണ്ടു കിലോ ട്രൈക്കോഡർമ, 90 കിലോ ചാണകപ്പൊടിയും, 10 കിലോ വേപ്പിൻ പിണ്ണാക്കുമായി കൂട്ടി കലർത്തി ആവശ്യത്തിന് ഈർപ്പം നിലനിൽക്കത്തക്ക വണ്ണം രണ്ടാഴ്ചത്തേക്ക് വയ്ക്കുക. ഈ മിശ്രിതത്തിൽ നിന്ന് രണ്ടര കിലോ വീതം ഓരോ വലിയ കുരുമുളക് ചെടിക്ക് ചുവട്ടിലും ഇട്ടു കൊടുക്കുക. |
| മഞ്ഞൾ | ഇലകരിച്ചിൽ | ഇലകരിച്ചിൽ രോഗം നിയന്ത്രിക്കുന്നതിനായി ഒരുശതമാനംവീര്യമുള്ള ബോർഡോമിശ്രിതം തളിച്ച് കൊടുക്കുക. |
| ഇഞ്ചി- | മൂടുചീയൽ | ഇഞ്ചിയിൽ മൂടുചീയൽ രോഗം കാണുകയാണെങ്കിൽ രോഗബാധിതമായ ചെടികൾ കിളച്ചുമാറ്റി 2 ഗ്രാം കോപ്പർ ഓക്സിക്ലോറൈഡ് ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലക്കി ഒഴിക്കുക. രോഗം വ്യാപിക്കാതിരിക്കാൻ മൂന്ന് മീറ്റർ സ്‌ക്വയർ ബെഡിന് 15 ഗ്രാം ബ്ലീച്ചിങ് പൗഡറും 250 ഗ്രാം കുമ്മായവും കൂട്ടി കലർത്തി തടത്തിൽ ഇട്ടുകൊടുക്കാവുന്നതാണ്. |

മൃഗസംരക്ഷണം:- കാലി തീറ്റ ചാക്കുകൾ മരപ്പലകയുടെയോ ഇരുമ്പുപ്പലകയുടെയോ മുകളിൽ സൂക്ഷിക്കുക. കാലി തീറ്റയിൽ ഈർപ്പം കലർന്നാൽ അത് മാരകമായ പൂപ്പൽ വിഷ ബാധയ്ക്ക് കാരണമാകും. തൊഴുത്തിലോ, പരിസരത്തോ എലി ശല്ല്യം ഇല്ലാതിരിക്കുവാൻ ശ്രദ്ധിക്കുക. എലിയിൽ നിന്നും പകരുന്ന എലിപ്പനി അഥവാ ലെപ്റ്റോസ്പൈറോസിസ് എന്ന രോഗം ഉരുക്കൾക്കും കർഷകർക്കും ഒരുപോലെ മാരകമാണ്. (CAADECCS KVASU, Mannuthy).